(ഡി) ഇവരിൽ പലരും പല വിധത്തിലുള്ള ശിക്ഷകൾക്ക് വിധേയരായിട്ടുണ്ടെന്നുള്ള വസ്തുത ഗവൺമെൻറിന്റെ ശ്രദ്ധയിൽപ്പെട്ടിരുന്നുവോ;

(ഇ) ഇല്ലെങ്കിൽ ഈ കാര്യത്തെക്കുറിച്ച് ഒരു സൂക്ഷ്മ പരിശോധന നടത്തുവാൻ നടപടി സ്വീകരിക്കുമോ?

ആഭ്യന്തരവകുപ്പു മന്ത്രി (ശ്രീ. കെ.എം. മാണി):

(എ) ഓരോ വർഷവും കേന്ദ്രഗവൺമെൻറ് ആവശ്യപ്പെടുന്ന മുറയ്ക്ക് സംസ്ഥാനത്തെ ഫയർഫോഴ്സ് സർവ്വീസിലുള്ള അർഹരായ ഓഫീസർമാരുടെ ലിസ്റ്റ് ബന്ധപ്പെട്ട വകുപ്പുമേധാവിയിൽ നിന്നും വാങ്ങി പരിശോധിച്ച് അർഹരാണെന്നു കാണുന്നവരുടെ പേരുകൾ കേന്ദ്രഗവൺമെൻറിലേക്ക് ശുപാർശ ചെയ്യുകയാണ് പതിവ്. ഓരോ ഓഫീസർമാരുടെയും സത്യസന്ധമായ പെരുമാറ്റങ്ങളും സ്തുത്യർഹമായ സേവനചരിത്രവും പരിഗണിച്ചാണ് പേരുകൾ ശുപാർശചെയ്യാറുള്ളത്. മെഡലിന് അർഹരായവരെ തെരഞ്ഞെടുക്കുന്നത് കേന്ദ്രഗവൺമെൻറാണ്.

(ബി) എട്ടുപേർക്കാണ് മെഡൽ നൽകിയത്. ഇവരുടെ പേരുകൾ ഫയർഫോഴ്സ് ഡയറക്ടർ ശുപാർശചെയ്തിരുന്നതാണ്.

(സി) ഉണ്ടായിരുന്നു.

(ഡി,ഇ) ഇവരിലാരുംതന്നെ യാതൊരുവിധ ശിക്ഷകൾക്കും വിധേയരായിട്ടില്ലെന്നാണ് ബന്ധപ്പെട്ട വകുപ്പുമേധാവി ഗവൺമെൻറിനെ അറിയിച്ചിട്ടുള്ളത്. അതുകൊണ്ട് ഇതിനെക്കുറിച്ച് ഒരു അന്വേഷണം ആവശ്യമില്ല.

(ചോദ്യം 899 ചോദിച്ചില്ല)

പോലീസ് സ്റ്റേഷനുകളിൽ പരാതികൾ കൈപ്പറ്റിയതായി രസീത്

* 830 [900] ശ്രീ. കല്ലട നാരായണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പോലീസ് സ്റ്റേഷനുകളിൽ കൊടുക്കുന്ന പരാതികൾക്ക് അവ കൈപ്പറ്റിയതായി രസീത് കൊടുക്കണം എന്ന ഗവൺമെൻറിന്റെ നിർദ്ദേശം ബന്ധപ്പെട്ട പോലീസ് ഉദ്യോഗസ്ഥൻമാർ കൈക്കൊള്ളുന്നില്ല എന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ കർശനമായി ഈ നിർദ്ദേശം പാലിക്കാൻ സത്വര നടപടികൾ സ്വീകരിക്കുമോ?

ആഭ്യന്തരവകുപ്പു മന്ത്രി (ശ്രീ. കെ.എം. മാണി):

(എ) ഇത്തരം പരാതികൾ ചിലപ്പോൾ ഉണ്ടാകാറുണ്ട്.

(ബി) ഇത്തരം പരാതികൾ ലഭിച്ചാൽ ഉടനെതന്നെ ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണ്.

ശ്രീ. കല്ലട നാരായണൻ: കുറെ വർഷങ്ങൾക്കു മുമ്പ് ഒരു തീരുമാനമുണ്ടായിരുന്നു. ആരെങ്കിലും ഒരു പരാതി പോലീസ് സ്റ്റേഷനിൽ സമർപ്പിച്ചാൽ രസീതു നൽകണമെന്നുണ്ടായിരുന്നു. എന്നാൽ

LIBRARY ARCHIVES Kerala Legislative Assembly

ഇപ്പോൾ പരാതി സമർപ്പിച്ചിട്ട് രസീതു ചോദിക്കുകയാണെങ്കിൽ പോലീസുകാർ അവരെ വിരട്ടി ഓടിക്കുകയാണ് ചെയ്യുന്നത്. ഇതു ഗവൺമെൻറിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ? എനിക്കു നേരിട്ടു ബോദ്ധ്യമുള്ള കാര്യമാണ്.

ശ്രീ. കെ. എം. മാണി: പരാതിയുമായി ചെല്ലുന്ന ആരെയു, വിരട്ടി ഓടിക്കുന്ന സംഭവം ഗവൺമെൻറിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

ശ്രീ. ടി.കെ. രാമകൃഷ്ണൻ: ഭരണകക്ഷിയിൽപ്പെട്ട ആളിനു ബോധ്യമുള്ള കാര്യമാണെന്നു പറഞ്ഞാലും അന്വേഷിച്ചുകൂടേ? ഞങ്ങളം പറഞ്ഞാൽ രാഷ്ട്രീയപ്രചരണമെന്നു പറയും.

ശ്രീ. കെ. എം. മാണി: ബഹുമാനപ്പെട്ട മെമ്പർ ഇങ്ങനെ ഇടയ്ക്കു കയറുന്നതു ശരിയല്ല. അദ്ദേഹത്തിനു ബോദ്ധ്യപ്പെട്ട കാര്യം അദ്ദേഹം പറഞ്ഞു. ഗവൺമെൻറിനു ബോദ്ധ്യപ്പെട്ടില്ലെന്ന കാര്യം ഗവൺമെൻറ് പറഞ്ഞു.

ശ്രീ. ആർ.എസ്. ഉണ്ണി: രസീതു ചോദിച്ചാൽ രസീതു കൊടുക്കുന്നില്ലെന്നും രസീതിനുപകരം പുലഭ്യം പറയുകയാണ് ചെയ്യുന്നതെന്നും പറഞ്ഞാൽ അതിനെപ്പറ്റി അന്വേഷിക്കുമോ?

ശ്രീ. കെ. എം. മാണി: രസീതു കൊടുക്കണമെന്നു നിയമമുണ്ട്. രസീതു കൊടുക്കാറുണ്ട്. ഏതെങ്കിലും കേസിൽ രസീതുകൊടുത്തിട്ടില്ലെന്നുള്ളതു ഗവൺമെൻറിന്റെ ശ്രദ്ധയിൽപ്പെടുത്തിയാൽ അതിൻമേൽ നടപടി നടത്താം. പുലഭ്യം പറഞ്ഞതായി ഗവൺമെൻറിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടില്ല. പ്രത്യേകമായി രേഖാമൂലം ഗവൺമെൻറിനെ അറിയിക്കുകയാണെങ്കിൽ ശക്തമായ നടപടി സ്വീകരിക്കാം, അന്വേഷണം നടത്താം.

ശ്രീ. ആർ.എസ്. ഉണ്ണി: കൊല്ലം ഈസ്റ്റ് പോലീസ് സ്റ്റേഷനിൽ കഴിഞ്ഞ ഒരു വർഷം കൊടുത്തിട്ടുള്ള ഹർജികളുടെ കണക്കും കൊടുത്ത രസീതുകളുടെ കണക്കും ഒന്നു പരിശോധിക്കുമോ?

ശ്രീ. കെ.എം. മാണി: പരിശോധിക്കാം.

ശ്രീ. ടി.കെ. രാമകൃഷ്ണൻ: ഒരു പോലീസ് സ്റ്റേഷനിൽ മാത്രമല്ല എല്ലാ പോലീസ് സ്റ്റേഷനുകളിലും എത്ര ഹർജികൾ കിട്ടിയിട്ടുണ്ട്? അതിൽ എത്രയെണ്ണത്തിന് രസീതു കൊടുത്തിട്ടുണ്ട്, നടപടി നടത്തിയിട്ടുണ്ട് എന്നു പരിശോധിക്കുമോ?

ശ്രീ. കെ.എം. മാണി: അങ്ങനെ പൊതുവായ ഒരു അന്വേഷണത്തിന്റെ ആവശ്യമില്ല. ഗവൺമെൻറിന്റെ വ്യക്തമായ അഭിപ്രായം രസീതു കൊടുക്കുന്നുണ്ടെന്നാണ്. പിന്നെ എവിടെയെങ്കിലും ഒറ്റപ്പെട്ട നിലയിൽ അങ്ങനെ സംഭവിച്ചിട്ടുണ്ടെങ്കിൽ പ്രത്യേകമായി ചൂണ്ടിക്കാണിച്ചാൽ അന്വേഷിക്കാം.

ശ്രീ. ആർ. സുന്ദരേശൻ നായർ: മൂവാറ്റുപുഴയ്ക്കടുത്ത് കൊല ചെയ്യപ്പെട്ട അമ്മിണി അന്തർജ്ജനം തന്നെ ഈ സാമൂഹ്യവിരുദ്ധർ തുടർച്ചയായി ശല്യംചെയ്തുകൊണ്ടിരിക്കുന്നു എന്ന് നേരത്തെ പരാതി കൊടുത്തിരുന്നിട്ടും യാതൊരു നടപടിയും എടുത്തിട്ടില്ല. ആ പരാതി ലഭിച്ചിട്ടുള്ളതിന് പോലീസ് സ്റ്റേഷനിൽ റിക്കാർഡ ഉണ്ടോയെന്നു അന്വേഷിക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. എം. മാണി: തെറ്റായ ചില വാർത്തകളും പത്രത്തിൽ വരുന്നുണ്ട്. അന്തർജ്ജനത്തിന്റെയും സഹോദരന്റെയും പരാതിയുടെ അടിസ്ഥാനത്തിൽ എതിർകക്ഷിയെ വിളിച്ച് താക്കീതു ചെയ്തു വിട്ടിട്ടുള്ളതാണ്. കഴിഞ്ഞ ഡിസംബറിനു ശേഷം യാതൊരു പരാതിയും സ്റ്റേഷനിൽ വന്നിട്ടില്ല.

ശ്രീ. സി.എ. കുര്യൻ: പോലീസ് സ്റ്റേഷനിൽ പരാതി കൊടുത്താൽ രസീതുകൊടുക്കണമെന്ന സമ്പ്രദായം ഇപ്പോൾ നിലവിലില്ല, ഇടയ്ക്കു നിറുത്തി. ബഹുമാനപ്പെട്ട മന്ത്രി, ഇത്തരം പരാതി സമർപ്പിക്കുന്നവർക്ക് രസീതുകൊടുക്കാൻ ഒരു സർക്കുലർമൂലം ആവശ്യപ്പെടുമോ?

ശ്രീ. കെ.എം. മാണി: അത് നല്ല ഒരു അഭിപ്രായമാണ്. വരുന്ന എല്ലാ പരാതികൾക്കും കർശനമായും രസീതുകൊടുക്കണമെന്ന് കർക്കശമായി നിർദ്ദേശം കൊടുക്കാൻ തയ്യാറാണ്.

കള്ള നാണയങ്ങൾ

* 831 [901] ശ്രീ. എൻ.പി. മൊയ്തീൻ:

,, സിറിയക് ജോൺ:

,, കെ.പി. നൂറുദ്ദീൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മറ്റു രാജ്യങ്ങളിലെ നാണയങ്ങളുടെ ആകൃതിമാറ്റി ഇവിടെ ഉപയോഗിക്കുന്നത് ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഇത്തരം നാണയങ്ങൾ ഉപയോഗിക്കുന്നതിനെതിരായി വല്ല നടപടിയും സ്വീകരിച്ചിട്ടുണ്ടോ?

ആഭ്യന്തരവകുപ്പു മന്ത്രി (ശ്രീ. കെ.എം. മാണി):

(എ) ഇല്ല.

(ബി) ചോദ്യം ഉദിക്കുന്നില്ല.

ശ്രീ. എൻ. പി. മൊയ്തീൻ: കള്ളനാണയങ്ങൾ ഉണ്ടാക്കുന്ന ഏതെങ്കിലും ക്ഷേത്രം ഇതിനകം പോലീസ് നമ്മുടെ സംസ്ഥാനത്തു പരിശോധിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ആ ക്ഷേത്രങ്ങളിൽനിന്നും കള്ളനാണയങ്ങൾ പിടിച്ചെടുത്തിട്ടുണ്ടോ?

ശ്രീ. കെ.എം. മാണി: ഏതെങ്കിലും സെർച്ച് നടന്നിട്ടുണ്ടോയെന്നുള്ളത് പ്രത്യേകമായി ചോദിച്ചാലേ മറുപടി പറയാൻ പറ്റുകയുള്ളു.

ശ്രീ. കെ.പി. നൂറുദ്ദീൻ: മറ്റു രാജ്യങ്ങളിൽനിന്നു നാണയം കൊണ്ടുവന്ന് ഇവിടെവച്ചു മാറ്റി ആഭ്യന്തരവിനിയോഗം നടത്തുന്നതായി പത്രത്തിലെല്ലാം പരാതി കണ്ടു. അങ്ങനെ എന്തെങ്കിലും വാർത്ത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ, ഉണ്ടെങ്കിൽ അതെക്കുറിച്ചന്വേഷിക്കുമോ?

ശ്രീ. കെ.എം. മാണി: ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly